വെള്ളത്തിന്റെ വിതാനം കഴിഞ്ഞ വർഷത്തെപ്പോലെ ഇല്ല. ആ ഒരു സാഹചര്യം കൂടിയുണ്ട്. എങ്കിലും കർഷകർക്കും ജനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ പണി പൂർത്തിയായിട്ടുള്ള എല്ലാ കനാലിൽക്കൂടിയും എത്രയും വേഗം വെള്ളം വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. എം. വി. ജയരാജൻ : സർ, 2003-ലെ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ ദരിദ്രർ നമ്മുടെ രാജ്യത്താണ്. കേരളത്തിലാണെങ്കിൽ 1,723,556 കുടുംബങ്ങൾ ഇപ്പോൾ ബി.പി.എൽ. ലിസ്റ്റിലുണ്ട്. ഇവർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയും സർക്കാർ വഴിയും നിരവധി ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുകയാണ്. അതുകൊണ്ടാണ് പട്ടിണി മരണം താരതമ്യേന കേരളത്തിൽ കുറഞ്ഞത്. ഇപ്പോൾ എം.ജി.പി. രേഖയുടെ മിനിമം അവശ്യ പരിപാടിയിൽ വ്യക്തമാക്കിയത് ഇതിലുള്ള ലിസ്റ്റ്, പുതുക്കിയ മാനദണ്ഡ പ്രകാരം ആളുകളെ കുറയ്ക്കണമെന്നാണ്. സംസ്ഥാനത്ത് 38 ശതമാനം ജനങ്ങളാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളത്, എന്നാൽ നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം 12 ശതമാനമേ കേന്ദ്രം അംഗീകരിക്കുന്നുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പറയുന്ന വിധത്തിൽ മാനദണ്ഡം പുതുക്കുന്നത്. വരുമാനത്തിനെ അടിസ്ഥാനമാക്കിയല്ല, ഉപഭോഗത്തെ കണക്കിലെടുത്തുവേണം ദരിദ്രരെ നിർണ്ണയിക്കേണ്ടതെന്ന നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് നൽകിയിരിക്കുകയാണ്. ഒരു കുടുംബത്തിന്റെ പ്രതിശീർഷ ഉപഭോഗം അഥവാ ചെലവ് പെരുപ്പിച്ച് കാട്ടി നിലവിലുള്ള ബി.പി.എൽ.- ലിസ്റ്റിലുള്ളവരെ പുറത്താക്കാൻ കഴിയുന്നതാണ് ഇപ്പോഴുള്ള മാനദണ്ഡം. 13 ചോദ്യങ്ങൾ ചോദ്യാവലിയിൽ ചോദിച്ചിട്ടുണ്ട്. പൂജ്യം മുതൽ 52 വരെയുള്ള സ്കോർ അതിന് നൽകാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ ദരിദ്രരുടെ എണ്ണം നാമമാത്രമാക്കി ചുരുക്കുക എന്നതാണ് ഗവൺമെന്റിന്റെ പൊതുവായിട്ടുള്ള നയം. രണ്ടു ചോദ്യം ഉദാഹരണമായി ഞാൻ പറയാം. കടബാധ്യതയുണ്ടോ എന്ന ഒരു ചോദ്യമുണ്ട്. അതിന് ഇല്ല എന്നാണ് മറുപടിയെങ്കിൽ കൂടിയ സ്കോർ കൊടുക്കാം. കുടുംബത്തിൽ കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും തൊഴിലന്വേഷകരുണ്ടെങ്കിലും കൂടിയ മാർക്ക് സ്കോർ ആയി കൊടുക്കാൻ കഴിയും. അങ്ങനെ ദാരിദ്ര്യരേഖയിൽ ഉള്ളവരുടെ എണ്ണം കുറയ്ക്കുകയാണ് പുതിയ മാനദണ്ഡം വഴി ലക്ഷ്യമിട്ടത്. അത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകരമല്ല.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. പക്ഷേ ഇതൊന്നും സംസ്ഥാന ഗവൺമെന്റ് ചെയ്തതല്ല. കേന്ദ്ര പ്ലാനിംഗ് കമ്മീഷനാണ്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസന വകുപ്പാണ് ഇതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് കാര്യങ്ങൾ പോയി. അങ്ങനെ വന്നപ്പോൾ നമ്മുടെ സംസ്ഥാനത്ത് 4.19 ലക്ഷം കുടുംബങ്ങൾ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ ഇപ്പോൾ വന്നിട്ടുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി തുടർച്ചയായി നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറെ മാറ്റങ്ങൾ അവർ വരുത്തി. എന്നിട്ടും ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 10.25 ലക്ഷം കുടുംബങ്ങൾ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ ഉള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ പോയി നിവേദനം കൊടുത്തതുകൊണ്ടാണ്. ആകെയുള്ള കുടുംബങ്ങളുടെ എണ്ണം കേരളത്തിൽ 57.28 ലക്ഷമാണ്. പ്രാഥമിക റിപ്പോർട്ടനുസരിച്ചാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായ നിർദ്ദേശങ്ങളാണ് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റേയും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റേയും ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അതുകൊണ്ട് വീണ്ടും വീണ്ടും ഈ കാര്യം കേന്ദ്രവുമായി ടേക്ക് അപ് ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മളെല്ലാവരും ഒരുമിച്ചു നിൽക്കേണ്ട കാര്യമാണ്.

(6) കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക

ശ്രീ. എഴുകോൺ നാരായണൻ: സർ, കശുവണ്ടിതൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി എട്ടു കോടിയോളം രൂപ ആവശ്യമുണ്ട്. കശുവണ്ടി ത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കശുവണ്ടിതൊഴിലാളികളുടെ പെൻഷൻ കൊടുത്തുതീർക്കാൻ ഏകദേശം ആറു കോടി തൊണ്ണൂറ്റിയേഴു ലക്ഷം രൂപ ആവശ്യമായി വന്നിരിക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി പ്രത്യേകം തുക വക കൊള്ളിച്ചിട്ടുണ്ട്. ഈ വർഷത്തെ റിലീസും കൂടി നോക്കിയിട്ട് എത്രയും പെട്ടെന്ന് അത് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

VI ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇ. ടി. മുഹമ്മദ് ബഷീർ, ഡോ. കെ. സി. ജോസഫ് എന്നിവരെ പതിനൊന്നാം കേരളനിയമസഭയുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly